**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 306** | **29-01-2024 - ൽ മറുപടിയ്ക്ക്**

**സബ്സിഡി ഉല്പന്നങ്ങളുടെ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനമാണ് വില വർദ്ധിപ്പിക്കേണ്ടത് എന്ന് നിർണ്ണയിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) | സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും, നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023 -ലെ സ.ഉ.(സാധാ) നം.473/2023/F&CS ഉത്തരവ് പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിലെ വിപണി ഇടപെടൽ പ്രത്യേകമായി വിശകലനം ചെയ്യുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പുതുക്കിയ വിലനിർണ്ണയ സ്കീമുകളും, സ്കീമിനു കീഴിൽ പുതിയ ഇനങ്ങളും നിർദ്ദേശിക്കുവാനും, സപ്ലൈകോ വിപുലീകരിക്കാൻ കഴിയുന്ന ബിസിനസ്സ് മാർഗ്ഗങ്ങൾ പരിശോധിക്കാനും സമിതിയോട് ആവശ്യപ്പെട്ടിരുന്നു. സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത സമിതിയുടെ നിർദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | (എ) പിരിവിൽ കാണാവുന്നതാണ്. |
| (സി) | സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നത് വിലക്കയറ്റം രൂക്ഷമാക്കുമോ എന്നുള്ള കാര്യം സമിതി പഠന വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച സമിതിയുടെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | (എ) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ